കത്തോലിക്കാസഭ സംഭരിച്ചു കൂട്ടിയ കോടികളുടെ ആസ്തിക്ക് പിന്നിലെ ഒരു ഘടകം പ്രതിഫലം നൽകാതെ തൊഴിലെടുപ്പിക്കുന്ന കന്യാസ്ത്രീകളുടെ ചോരയും വിയർപ്പുമാണ്. ഈ സാഹചര്യത്തിൽ പ്രായപൂർത്തിയാകാതെ കന്യാസ്ത്രീമഠങ്ങളിലേക്ക് പെൺകുട്ടികളെ അയയ്ക്കുന്നതിനെതിരായ വനിതാക്കമ്മീഷന്റെ അഭിപ്രായ പ്രകടനം ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്

■ കെ.സി. വർഗീസ്

# കന്യാസ്ത്രീമഠങ്ങളിലെ മനുഷ്യാവകാശലംഘനങ്ങൾ



പതിനെട്ടു വയസ്സു പൂർത്തിയാകുന്നതിനു മുൻപ് പെൺകുട്ടികളെ കന്യാസ്ത്രീ മഠത്തിൽ അയയ്ക്കുന്ന മാതാപിതാക്കളുടെ പേരിൽ നടപടിയെടുക്കണമെന്നും, കന്യാസ്ത്രീയാകാൻ മഠത്തിൽ ചേരുന്ന സ്ത്രീകളുടെ സ്വത്ത് അവരുടെ പേരിൽ നിലനിർത്തണമെന്നുമുള്ള വനിതാകമ്മീഷന്റെ ശുപാർശ എല്ലാ മനുഷ്യാവകാശ സ്നേഹികളും സന്തോഷത്തോടെ സ്വാഗതം ചെയ്യും. ദീർഘകാലമായി കേരളീയ സമൂഹത്തിൽ നിലനിൽക്കുന്ന ഒരു കടുത്ത അനീതിക്കാണ് വനിതാകമ്മീഷന്റെ ഇടപെടലിലൂടെ അറുതി തേടുന്നത്. കത്തോലിക്കാസഭയിൽപെട്ട ഒരു വ്യക്തിയുടെ തന്നെ സ്വകാര്യ പരാതിയെത്തുടർന്നാണ് വനിതാകമ്മീഷൻ ഈ കാര്യത്തിൽ തീർപ്പുകല്പിച്ചത്. ഇക്കാര്യത്തിലുള്ള മെത്രാന്മാരുടെ മദ്ധ്യകാലശാഠ്യം ഒരു പരിഷ്കൃത സമൂഹത്തിന് അംഗീകരിക്കാനാവില്ല.

പ്രസിദ്ധ ദൈവശാസ്ത്രജ്ഞൻ ഡെയട്രിക് ബോൺ ഹോഫറുടെ വാക്കുകളിൽ പറഞ്ഞാൽ, "നാം ജീവിക്കുന്ന ഈ ലോകത്തിനു പ്രായപൂർത്തി വന്നിരിക്കുന്നു. ലോകത്തെ അതിന്റെ ശൈശവാവസ്ഥയിലെന്നതുപോലെ മതാചാര്യന്മാർ കൈപിടിച്ചു നടത്തേണ്ടതില്ല."



കന്യാസ്ത്രീകളെയും അവരുടെ പ്രതിഫല രഹിതമായ അദ്ധ്വാനത്തെയും സഭയുടെ മുതൽക്കൂട്ടാക്കിക്കൊണ്ടിരിക്കുന്ന നമ്മുടെ വൈദീക മേലദ്ധ്യക്ഷന്മാർക്കു വിവേകം ഉണ്ടെങ്കിൽ വനിതാകമ്മീഷന്റെ തീരുമാനം കൃത്യമായി നടപ്പിൽ വരുത്തണം. കന്യാസ്ത്രീകളുടെ കാര്യത്തിൽ യഥാർത്ഥത്തിൽ നടക്കുന്നതെന്താണ്? എസ്.എസ്.എൽ.സി പരീക്ഷ പാസ്സായാലുടൻ പെൺകുട്ടികളെ കന്യാസ്ത്രീ മഠത്തിലേക്കു റിക്രൂട്ടു ചെയ്യുന്നു. അപ്പോൾ പ്രായം 15 വയസ്സ്. പ്ലസ് ടു പരീക്ഷ നല്ല നിലയിൽ പാസ്സായിക്കഴിഞ്ഞ കുട്ടികൾ സ്വാഭാവികമായും കന്യാസ്ത്രീകളാകാനോ വൈദീകനാകാനോ സ്വമേധയാ തയ്യാറാകാറില്ലെന്നതാണ് സത്യം. ഇതു കണക്കിലെടുത്ത് എല്ലാ കത്തോലിക്കാ ഇടവകകളിലും പത്താം ക്ലാസ്സ് പരീക്ഷ കഴിഞ്ഞാലുടൻ ദൈവവിളി ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. സ്വന്തം ജീവിതത്തെക്കുറിച്ചു വ്യക്തമായ യാതൊരു തീരുമാനവും എടുക്കാൻ പക്വതയാർജിക്കാത്ത ഈ പ്രായത്തിൽ മുതിർന്നവരുടെ പ്രേരണകൾക്കും മുതിർന്ന വൈദീകരുടെയും കന്യാസ്ത്രീകളുടെയും പ്രേരണയ്ക്കും വശംവദരായി ഒട്ടേറെ കുട്ടികൾ ഈ ദൈവവിളി ക്യാമ്പിൽ പങ്കെടുക്കുന്നു.

പത്താം ക്ലാസ്സിൽവച്ചു പിടികൂടി കന്യാസ്ത്രീമഠങ്ങളിലെ പരിശീലന കേന്ദ്രങ്ങളിലേക്കാനയിക്കപ്പെടുന്ന കുട്ടികൾ മസ്തിഷ്ക്ക പ്രക്ഷാളനത്തിനു വിധേയരാകുന്നു. കഠിനമായ പരിശീലന പദ്ധതികൾക്ക് വിധേയപ്പെടുത്തി കോൺവെന്റധികാരികളുടെ ശിക്ഷണത്തിനു കീഴ്പ്പെടുത്തി, ഉന്നത വിദ്യാഭ്യാസത്തിനു യോഗ്യരെന്നു തെളിയിക്കപ്പെടുന്നവർക്കു മാത്രമാണ് പ്ലസ് ടു പഠനത്തിനു അവസരം കിട്ടുക. അങ്ങനെയല്ലാത്തവരെയും കാലക്രമേണ കന്യാസ്ത്രീ മഠങ്ങൾ ഉൾക്കൊള്ളുകയും കുപ്പായം ഇടീക്കുകയും ചെയ്തുവരുന്നു. കന്യാസ്ത്രീകളുടെ കാര്യത്തിൽ മാത്രമല്ല വൈദീകരുടെ കാര്യത്തിലും കത്തോലിക്കാസഭയിൽ നിലനിൽക്കുന്ന സമ്പ്രദായം ഇതുതന്നെയാണ്. ഇത് മറച്ചുവച്ചുകൊണ്ടാണ് പ്ലസ് ടു കഴിഞ്ഞ കുട്ടികളെയാണ് തങ്ങൾ കന്യാസ്ത്രീകളാക്കുന്നതെന്ന് സഭാവക്താക്കൾ മാധ്യമങ്ങളോടു പറയുന്നത്.

## കൗമാരപീഡനത്തിന്റെ കറുത്ത നാളുകൾ

**ഏ**തു പ്രായത്തിൽ സഭാവസ്ത്രം ധരിക്കുന്നു എന്നതല്ല ഇവിടെ പരിശോധിക്കപ്പെടേണ്ടത്? ഏതു പ്രായത്തിൽ വൈദീകനാകാനുള്ള അഥവാ കന്യാസ്ത്രീയാകാനുള്ള പരിശീലനം ആരംഭിക്കുന്നു എന്നതാണ്. ഇതു പതിനഞ്ചുവയസ്സിൽ തുടങ്ങുന്നു എന്നതാണ് പരമാർത്ഥം. ഇന്ത്യയിൽ മാത്രമല്ല യൂറോപ്പിലും ഈ രീതി തന്നെയാണ് കത്തോലിക്കാസഭ അവലംബിച്ചുപോന്നത്. അതിന്റെ ഫലമായിട്ടാണ് ഒട്ടുമിക്ക യൂറോപ്യൻ രാജ്യങ്ങളിലും വൈദീകർക്കും കന്യാസ്ത്രീകൾക്കും ഇത്ര കടുത്ത ദൗർലഭ്യം അനുഭവപ്പെടുന്നത്. അടച്ചുപൂട്ടപ്പെട്ട കോൺവെന്റുകളും വൈദീകരില്ലാത്ത പള്ളികളും യൂറോപ്പ്യൻ രാജ്യങ്ങളിൽ പെരുകിവരുന്നത് ഇതുകൊണ്ടൊക്കെ തന്നെയാണ്. ഇന്ത്യപ്പോലുള്ള മൂന്നാം ലോകരാജ്യങ്ങളിലെ ദാരിദ്ര്യവും തൊഴിലില്ലായ്മയും മുതലെടുത്തുകൊണ്ടാണ് യൂറോപ്പിലെ കത്തോലിക്കാസഭ നിലനിൽക്കുന്നത് തന്നെ.

കന്യാസ്ത്രീകളുടെ കാര്യത്തിൽ മാത്രമല്ല വൈദീകരുടെ കാര്യത്തിലും പരിശീലനാരംഭം 21 വയസ്സ് പൂർത്തിയായതിനു മേലായിരിക്കണം എന്ന ആവശ്യം ജോസഫ് പുലിക്കുന്നേലിനെപ്പോലുള്ളവർ എത്രയോ കാലമായി ഉന്നയിക്കുന്നതാണ്. പതിനാറാം നൂറ്റാണ്ടിലെ പോർട്ടുഗീസാഗമനത്തിനു മുൻപ് കേരളത്തിൽ കന്യാസ്ത്രീകൾ എന്നൊരു ഏർപ്പാടേ ഉണ്ടായിരുന്നില്ല. ഇന്നു നിലവിലുള്ള കന്യാസ്ത്രീമഠങ്ങളും വൈദിക സെമിനാരികളും പൂർണ്ണമായും പാശ്ചാത്യ ഇറക്കുമതിയാണ്. പോർട്ടുഗീസുകാർ വരുമ്പോൾ ഇവിടെ നിലനിന്നിരുന്ന വൈദിക പരിശീലനം ഗുരുകുല മാതൃകയിലുള്ളതായിരുന്നു. ഈ ഗുരുകുലങ്ങളെ തകർത്തുകൊണ്ടാണ് സെമിനാരികൾ ആവിർഭവിച്ചത്. വൈദിക ജീവിതത്തിൽ ഇന്നു കാണുന്ന ആർഭാടവും പൊങ്ങച്ച പ്രകടനവും സാമാന്യജനങ്ങളിൽ നിന്നുള്ള അന്യവത്ക്കരണവും നിർബന്ധിത വിവാഹവിലക്കും ഒക്കെ കേരളത്തിലെ പുരാതന സഭാപാരമ്പര്യങ്ങൾക്കന്യമായിരുന്നു. കേരളസഭയുടെ ഭാരതവത്ക്കരണത്തെക്കുറിച്ചു വായ്ത്താരി മുഴക്കുന്നവർ പോർട്ടുഗീസാഗമനത്തിനു മുൻപുണ്ടായിരുന്ന സഭാപാരമ്പര്യങ്ങളുടെ വീ

ണ്ടെടുക്കലിൽ യാതൊരു താത്പര്യവും കാണിക്കുന്നില്ല.

വൈദീക പരിശീലനത്തിൽ കത്തോലിക്കേതര ക്രൈസ്തവസഭകൾ പിന്തുടരുന്ന മാതൃക കൂടുതൽ ആശാസ്യമാണെന്നു നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. പത്താം ക്ലാസ്സിനു ശേഷം അഞ്ചു വർഷത്തെ കലാശാല വിദ്യാഭ്യാസം പൂർത്തിയാക്കിയവരെ മാത്രമെ ഈ സഭകൾ വൈദീക പഠനത്തിനായുള്ള സെമിനാരികളിൽ പ്രവേശിപ്പിക്കാറുള്ളൂ. സ്വാഭാവികമായും 25 വയസ്സിനു താഴെ ആർക്കും പൗരോഹിത്യ പദവിയിൽ പ്രവേശിക്കേണ്ടിവരുന്നില്ല. ഓർത്തഡോക്സ് സഭകളിൽ പട്ടമേറ്റതിനുശേഷം വിവാഹം അനുവദിക്കാറില്ല. എന്നാൽ, വിവാഹിതരായവർക്കു പട്ടം ഏൽക്കാൻ തടസ്സവും ഇല്ല. അതുകൊണ്ടുതന്നെ വൈദീകസെമിനാരികളിലെ പരിശീലനം പൂർത്തിയായാൽ തന്നെ വിവാഹം തരപ്പെടുന്നതുവരെയും പൗരോഹിത്യ സ്ഥാനത്തേക്കു പ്രവേശനം വിലക്കപ്പെട്ടിരിക്കുന്നു. പ്രായവും പക്വതയും ഭാവിയെക്കുറിച്ചു വ്യക്തമായ കാഴ്ചപ്പാടും സ്വരൂപിച്ചതിനുശേഷം വൈദികവൃത്തി ഏറ്റെടുക്കാൻ ഈ സഭകളിലെ യുവാക്കന്മാർക്കു കഴിയുമ്പോൾ കത്തോലിക്കാസഭയിലാകട്ടെ ഇത്തരം വ്യക്തിപരമായ ഇഷ്ടാനിഷ്ടങ്ങളെല്ലാം അവഗണിക്കപ്പെടുന്നു. ഏതാണ്ട് ഒരു ദശകം നീണ്ടുനിൽക്കുന്ന പരിശീലനം ഏതൊരു മനുഷ്യനെയും അച്ചിലിട്ട് വാർക്കപ്പെട്ട ഒരു കൃത്രിമ വ്യക്തിത്വമാക്കി മാറ്റുന്നു. ഇത്തരം വികലവ്യക്തിത്വങ്ങൾക്കെങ്ങനെയാണ് ഒരു സമൂഹത്തെ നയിക്കാൻ കഴിയുക.

## നിർബന്ധിത ബ്രഹ്മചര്യം

**പ**തിനൊന്നാം നൂറ്റാണ്ടിൽ ബനഡിക് എട്ടാമൻ എന്ന മാർപ്പാപ്പ ഏർപ്പാടാക്കിയതാണ് പുരോഹിതന്മാരുടെ നിർബന്ധിത ബ്രഹ്മചര്യം. ബൈബിളോ, മറ്റു കാനോനിക പാരമ്പര്യങ്ങളോ, ബ്രഹ്മചര്യത്തെ അനുകൂലിക്കുന്നില്ല. എന്നിട്ടും കത്തോലിക്കാസഭ പുരോഹിതന്മാർക്കു വിവാഹം വിലക്കിയതും സഭാശുശ്രൂഷയ്ക്ക് കന്യാസ്ത്രീകളെ ധാരാളമായി വൈദീകരുടെ സഹായികളായി നിയമിച്ചതും വ്യക്തമായ സാമ്പത്തിക ലക്ഷ്യങ്ങളോടെ ആയിരുന്നു. ഇന്നു ലോകവ്യാപകമായി പടർന്നു പന്തലിച്ചുകിടക്കുന്ന സഭയുടെ സ്വത്തുക്കളത്രയും സ്വരൂപിച്ചതും നിലനിറുത്തുന്നതും പ്രതിഫലരഹിതമായി പണിയെടുക്കാൻ പരിശീലിപ്പിക്കപ്പെട്ട പുരോഹിതന്മാരുടെയും കന്യാസ്ത്രീകളുടെയും അധ്വാനത്തിലാണ്. യൂറോപ്പിൽനിന്നും ഈ സൈന്യത്തിലേക്കിപ്പോൾ പഴയതുപോലെ ആളെക്കിട്ടുന്നില്ല. ഇന്ത്യയെപ്പോലെയുള്ള ജനസംഖ്യ കൂടുതലുള്ളതും വിഭവശേഷി കുറഞ്ഞതുമായ പിൻനില നാടുകളെയാണിപ്പോൾ ഇവർ നോട്ടമിട്ടിരിക്കുന്നത്. കന്യാസ്ത്രീമഠങ്ങളിലേക്കു പരിശീലനത്തിനു പ്രവേശിക്കപ്പെടുന്ന പ്രായം ഇപ്പോഴത്തേതിൽനിന്നു വർദ്ധിപ്പിച്ചാൽ ഇപ്പോൾ തന്നെ വൻ തോതിൽ കുറഞ്ഞുകൊണ്ടിരിക്കുന്ന കന്യാസ്ത്രീകളുടെ എണ്ണം ഇനിയും കുറവു വരുമെന്നുള്ളതാണ് സഭാ അധികാരികളെ വെകിളിപിടിപ്പിക്കുന്നത്.

സ്ത്രീകളുടെ മൂന്നു വ്യത്യസ്ത അവസ്ഥകളാണ് കന്യക, വേശ്യ, ഭാര്യ. ഇന്നത്തെ പുരുഷാധിപത്യസമൂഹത്തിൽ 'ഭാര്യ' എന്ന പദവിക്കാണ് അന്തസ്സുകൂടുതൽ. പുരാതന ഭാരതീയ പാരമ്പര്യത്തിലും ഗ്രീക്കു റോമൻ പാരമ്പര്യങ്ങളിലും 'വേശ്യ' അത്ര അന്തസ്സുകുറഞ്ഞ പദപ്രയോഗമായിരുന്നില്ല. വശ്യമായ പെരുമാറ്റത്തിലൂടെ കാമുകന്മാരെ സ്വഗൃഹത്തിലേക്കാകർഷിക്കുന്നവളാണ് വേശ്യ. നമ്മുടെ പഴയ ദേവദാസി പാരമ്പര്യം വേശ്യകൾക്കു മാന്യമായ സ്ഥാനമാണ് നൽകിയിരിക്കുന്നത്. അവർ പാടുകയും നൃത്തം ചെയ്യുകയും മാത്രമല്ല തർക്കം, വ്യാകരണം, തത്വചിന്ത ഇവയൊക്കെ അഭ്യസിച്ചവരും ആയിരിക്കും. വിവാഹ പൂർവാവസ്ഥയിലെത്തിയ ചാരിത്ര്യവതികളായ സ്ത്രീകളാണ് കന്യകമാർ. കന്യകാത്വത്തിനു ഏതു സംസ്കാരത്തിലും മഹത്വത്തിന്റെ ഒരു പരിവേഷം ചാർത്തപ്പെട്ടിരുന്നു. എങ്കിൽത്തന്നെ ആയുഷ്കാലം മുഴുവൻ കന്യകയായി കഴിയേണ്ടിവരുന്നത് ഒരു സംസ്കാരത്തിലും തൃപ്തികരമായി കരുതിയിരുന്നില്ല. കന്യകാത്വം തന്റെ പ്രണയഭാജനമായ പുരുഷനു മുൻപിൽ സമ്മാനിക്കുവാനുള്ള വിലമതിക്കാനാകാത്ത സമ്പത്താണെന്നു സ്ത്രീകൾ പൊതുവെ കരുതിയിരുന്നു. പുരുഷസ്പർശനം ഏൽക്കാതെ മരണപ്പെടുന്ന കന്യകകളുടെ വ്യർത്ഥമായിപ്പോയ കന്യകാത്വത്തെ ചൊല്ലി അവളുടെ സഖിമാർ ഒരു നിർദ്ദിഷ്ട കാലം അനുഷ്ഠാനപരമായി വിലപിക്കുന്ന ഒരു പാരമ്പര്യത്തെക്കുറിച്ചു ബൈബിൾ പരാമർശിക്കുന്നുണ്ട്. (ന്യായാധിപന്മാർ 11:37:46) വിവാഹാനന്തരം ഭർത്താവ് ഭാര്യയുടെ കന്യകാത്വത്തെ ചോദ്യം ചെയ്യുന്ന അനുഭവങ്ങളും അതിന്റെ പേരിൽ ഭാര്യയെ പീഡിപ്പിക്കുന്നതും അപൂർവമായിരുന്നില്ല (പുറപ്പാട്: 22:16:–17, ആവർത്തനം 22:13–21) കന്യാത്വത്തിനു വിവാഹജീവിതത്തേക്കാൾ പ്രാധാന്യം ലഭിച്ചത് പിൽക്കാലത്താണ്.




## കന്യകാത്വത്തിന്റെ വ്യാജപരിവേഷം

**ഏ**ദൻതോട്ടത്തിലെ വിലക്കപ്പെട്ട പഴം സ്ത്രീലൈംഗികതയാണെന്ന ധാരണയിൽനിന്നു വളർന്നു വന്നതാണ് ബ്രഹ്മചര്യജീവിതത്തിന്റെ മഹത്വം എന്ന ആശയം. യേശുവിന്റെ പഠിപ്പിക്കലുകളിൽ ഇത്തരം പരാമർശങ്ങളൊന്നും ഇല്ലെങ്കിലും സെന്റ്പോൾ ഇതേക്കുറിച്ചു സംശയാലുവായിരുന്നു. ലോകാവസാനം തന്റെ ജീവിതകാലത്തുതന്നെ സംഭവിച്ചേക്കുമെന്ന ഭീതി അദ്ദേഹത്തെ അലട്ടിയിരുന്നുവെന്നു തോന്നുന്നു. അതുകൊണ്ടുകൂടിയാവാം അവിവാഹിത ജീവിതത്തെ പോൾ ചിലടത്തൊ

ക്കെ പ്രകീർത്തിക്കുന്നുണ്ട്. യേശുവിന്റെ അമ്മയുടെ നിത്യകന്യകാത്വവും ആദിമ ക്രൈസ്തവ സഭയിലെ സജീവമായ ഒരു തർക്കവിഷയമായിരുന്നു. ലൈംഗികതയും തജ്ജന്യമായ വികാരങ്ങളും മലിനവും പാപവുമാണെന്ന ധാരണയിൽ നിന്നായിരിക്കണം 'കന്യകാമറിയം' (Virgin mary) എന്ന സങ്കല്പത്തിൽ ഇത്രയേറെ പ്രാധാന്യം ലഭിക്കാൻ ഇടവന്നത്. വിവാഹബന്ധത്തിലൂടെ സ്വന്തം ശരീരത്തെ മലിനപ്പെടുത്താത്തവരെ അന്ത്യവിധിയിൽ സ്വർഗത്തിൽ പ്രത്യേക പദവികളോടെ പ്രവേശിപ്പിക്കപ്പെടും എന്നുവരെ എഴുതാൻ വെളിപാടു പുസ്തകത്തിന്റെ കർത്താവു ധൈര്യപ്പെടുന്നത് മേൽപ്പറഞ്ഞ സങ്കല്പത്തിൽ നിന്നാണ്. (വെളിപാട് 14:3–4)

കത്തോലിക്കാസഭയിൽ നിലവിലിരിക്കുന്ന കന്യാസ്ത്രീമഠ പാരമ്പര്യത്തിനു ക്രൈസ്തവ പാരമ്പര്യങ്ങളെക്കാൾ കൂടുതൽ ബന്ധം ചില പുരാതന റോമൻ പാരമ്പര്യങ്ങളുമായിട്ടാണെന്നു സമർത്ഥിക്കുന്ന ഗ്രന്ഥകാരന്മാരുമുണ്ട്. നമ്മുടെ ക്ഷേത്രങ്ങളിലെ ദേവദാസിമാരെപ്പോലെ റോമിൽ വെസ്റ്റൽ കന്യകമാർ (Vestal virgins) എന്നൊരു വിഭാഗം ഉണ്ടായിരുന്നു. ഇവരെ വെസ്റ്റൽ എന്ന ദേവതയുടെ പ്രതിനിധികളായിട്ടാണ് കണക്കാക്കിയിരുന്നത്. ഒരിക്കൽ ഈ പദവിയിലേക്കാനയിക്കപ്പെടുന്ന കന്യക ജീവിതകാലം മുഴുവൻ കന്യകയായി തുടരണം. അതിനിടയിൽ അവരുടെ ചാരിത്ര്യശുദ്ധിയിൽ സംശയത്തിന്റെ കരിനിഴൽ പതിച്ചാൽ ജീവനോടെ ചുട്ടെരിക്കപ്പെടുമായിരുന്നു. ഇന്നത്തെ പാശ്ചാത്യലോകത്തെ കന്യാസ്ത്രീകളുടെ വസ്ത്രധാരണ രീതിപോലും ഈ വെസ്റ്റൽ വെർജിൻസിന്റേതാണ് പോലും. അവർ ഒരു ചുവന്ന ശിരോവസ്ത്രം ധരിക്കുമായിരുന്നു. സാലിയൻ കന്യകമാർ (Salian virgins) എന്ന പേരിൽ മറ്റൊരു വിഭാഗം പുരോഹിത കന്യകമാരെക്കുറിച്ചും ചരിത്രത്തിൽ പരാമർശമുണ്ട്. പുരാതന പുരോഹിത പാരമ്പര്യത്തിന്റെ അവശിഷ്ടമാണ് മതപരമായ ഇത്തരം വ്രതവാഗ്ദാനങ്ങൾ. പുരുഷവാഴ്ചാ സമൂഹം പ്രബലമാകുന്നതിനു മുൻപുള്ള സമൂഹങ്ങളിൽ സ്ത്രീകളായിരുന്നു പുരോഹിതവൃത്തി അനുഷ്ഠിച്ചിരുന്നത് എന്നതിനും തെളിവുകളുണ്ട്. എന്തുതന്നെ ആയാലും കത്തോലിക്കാസഭയിൽ കന്യാസ്ത്രീമഠങ്ങളും കന്യാസ്ത്രീകളും വ്യാപകമായത് പുരുഷ പുരോഹിതന്മാരെ സഹായിക്കുന്ന ഒരുതരം രണ്ടാംകിട പുരോഹിതകളെന്ന നിലയിലാണ് അതുകൊ

# ഫാദർ വടക്കന്റെ അനുഭവ സാക്ഷ്യം

**ഇ**റ്റലി, ഫ്രാൻസ്, ജർമ്മനി തുടങ്ങിയ യൂറോപ്യൻ രാജ്യങ്ങളിലാണ് കേരളത്തിലെ മിക്ക കന്യാസ്ത്രീ കോൺഗ്രിഗേഷനുകളുടെയും ആസ്ഥാനം. ഇവയുടെ പ്രവർത്തനമാതൃകകളും പരിശീലന പദ്ധതികളും പാശ്ചാത്യ സമൂഹങ്ങളെ ലക്ഷ്യംവച്ചു കൊണ്ടുള്ളവയാണ്. പാശ്ചാത്യ മുതലാളിത്ത സമൂഹത്തിന്റെ സമ്പദ് വ്യവസ്ഥയുടെ ബാലൻസ് സമീകരിക്കാൻ ഒരു പരിധിവരെ ഇത്തരം ആശ്രമ സമൂഹങ്ങൾ പ്രയോജനപ്പെട്ടിട്ടുണ്ട്. ഇതേ മാതൃകയിൽ ഇന്ത്യയിലെ വൻ നഗരങ്ങൾ ആസ്ഥാനമാക്കിയും കേരളത്തിൽ തന്നെ ആസ്ഥാനം ഉറപ്പിച്ചും പല കന്യാസ്ത്രീ കോൺഗ്രിഗേഷനുകളും പ്രവർത്തിക്കുന്നുണ്ട്. മിക്കവയുടെയും സ്ഥാപകന്മാർ ക്രൈസ്തവ സന്ന്യാസത്തിന്റെ അഭിനവ സാധ്യതകൾ അറിഞ്ഞ പ്രഗദ്ഭരായ പുരുഷ സന്ന്യാസിമാർ തന്നെ ആയിരുന്നു.

ബുദ്ധിസാമർത്ഥ്യത്തിലും വിദ്യാഭ്യാസപാടവത്തിലും മുൻനിരയിൽ നിൽക്കുന്ന പലരെയും വിദേശ കന്യാസ്ത്രീമഠങ്ങളിലേക്കും കയറ്റി അയയ്ക്കുന്നതായിട്ടാണ് റിപ്പോർട്ട്. ഈ കാര്യത്തിൽ മാധ്യമ റിപ്പോർട്ടുകളെയും കേട്ടുകേഴ്വികളെയും അവഗണിച്ചാൽ തന്നെ ദീർഘകാലം കത്തോലിക്കാ പുരോഹിതനായിരുന്നു കൊണ്ടുതന്നെ കേരള സമൂഹത്തിന്റെ ഹൃദയമിടിപ്പു തൊട്ടറിഞ്ഞ ഫാദർ വടക്കൻ ആത്മകഥ ('എന്റെ കുതിപ്പും കിതപ്പും')യിൽ രേഖപ്പെടുത്തിയിരിക്കുന്ന അനുഭവ വിവരണങ്ങൾ നോക്കുക: "കേരളത്തിലെ പെൺകുട്ടികളെ ഇറ്റലിയിലേക്കും ജർമ്മനിയിലേക്കും കയറ്റിയയ്ക്കുന്ന ഏറ്റവും വലിയ ഏജൻസികളിൽ ഒന്ന് കുണ്ടുകുളം മെത്രാന്റെ കീഴിലായിരുന്നു. നൂറുകണക്കിനു പെൺകുട്ടികളെ വിദേശത്തേയ്ക്കു വിട്ടതും ഇനിയും വിടാൻ ഒരുക്കിക്കൊണ്ടിരിക്കുന്നതുമായ പുല്ലഴി കേന്ദ്രത്തിന്റെ ഡയറക്ടർ ഈ മെത്രാനായിരുന്നു. ഈ വകയിൽ ദശലക്ഷക്കണക്കിനു രൂപ അദ്ദേഹത്തിനു ലഭിക്കുകയും ചെയ്തിരുന്നു. പെൺകുട്ടികളെ അയക്കുന്ന ഈ ഏർപ്പാടിനെ ഞാൻ പരസ്യമായി എതിർത്തുപോന്നിരുന്നു. ഈ പെൺകുട്ടികളെ പഠിപ്പിക്കാൻ ഇറ്റലിയിലേക്കു പോയിരുന്ന എം.എക്കാരിയായ ഒരു മലയാളി കന്യാസ്ത്രീ അയച്ച ഒരു കത്ത് 'തൊഴിലാളി' സൺഡേ സപ്ലിമെന്റിൽ ഞാൻ പ്രസിദ്ധീകരിച്ചു. ഇന്ത്യൻ പെൺകുട്ടികളെ പാശ്ചാത്യരാജ്യങ്ങളിലേക്ക് അയയ്ക്കുന്നതിൽ അടങ്ങിയ നാനാതരം അപാകതകളെയും അവരനുഭവിക്കുന്ന വിവരിക്കാനാവാത്ത വിഷമതകളെയും വിവേചനങ്ങളെയുംകുറിച്ച് ഏറ്റവും വസ്തുനിഷ്ഠമായും ഹൃദയസ്പൃക്കായും വിവരിച്ച ഒരു രേഖയായിരുന്നു ഈ കത്ത്. ആ കന്യാസ്ത്രീയെ വിട്ടത് ഇന്ത്യയുടെ പ്രോനൺഷിയോ ആയിരുന്ന കാപ്രിയോ തിരുമേനിയുടെയും കർദ്ദിനാൾ പാറേക്കാട്ടിൽ തിരുമേനിയുടെയും ആശിസ്സുകളോടെയായിരുന്നു. ഈ കന്യാസ്ത്രീയുടെ കൊടുങ്കാറ്റുണ്ടാക്കിയ ഈ കത്തയച്ചത് അവരുടെ ആത്മീയ പിതാവായ ഒരു കപ്പൂച്ചിൻ വൈദികനാണ്. ആ വൈദികൻ എന്നെ വന്നു കണ്ടിരുന്നു. പേര് ഇവിടെ പറഞ്ഞാൽ അദ്ദേഹവും എന്നെപ്പോലെ കൂദാശമുടക്കിൽ പെടുമെന്നുള്ളതിനാൽ ഞാനതിനുമുതിരുന്നില്ല." (പേജ് 223)

ഫാദർ വടക്കൻ അദ്ദേഹത്തിന്റെ പത്രാധിപത്യത്തിൽ തൃശ്ശൂരുനിന്നു പ്രസിദ്ധീകരിച്ചിരുന്ന 'തൊഴിലാളി' പത്രത്തിൽ മേൽസൂചിപ്പിച്ച കന്യാസ്ത്രീയുടെ കത്തുകൾ അവയുടെ പൂർണ്ണരൂപത്തിൽ പ്രസിദ്ധീകരിച്ചിരുന്നു. സഭയോടു തെറ്റിപ്പിരിഞ്ഞ ഒരു വൈദികന്റെ ഭാവനാ സൃഷ്ടി എന്ന നിലയിൽ പലരും അന്ന് അതിനെ തള്ളിക്കളയുകയായിരുന്നു. മാത്രമല്ല മനുഷ്യവകാശ സംരക്ഷണത്തെക്കുറിച്ചൊന്നും ഇന്നത്തെ അത്രയും വികസിതമായ ധാരണകളോ സ്വതന്ത്രമായ ചർച്ചയ്ക്കുള്ള സൗകര്യങ്ങളോ അന്നത്തെ കേരളീയ സമൂഹത്തിൽ രൂപപ്പെട്ടിരുന്നുമില്ല. കന്യാസ്ത്രീമഠങ്ങളുടെ അകത്തളങ്ങളെക്കുറിച്ചു വാചാലമായി സംസാരിക്കുന്ന ആ കത്തുകളിലെ ഏതാനും ഭാഗങ്ങൾ മാത്രം ഇവി

ടെ ഉദ്ധരിക്കുകയാണ്: "എനിക്ക് ഇവിടെ ധാരാളം ജോലിയുണ്ട്. വായിക്കാനും പഠിക്കാനും കഴിയുന്നില്ല. എല്ലാം വായിക്കാനും അറിയാനും ആഗ്രഹിക്കുന്ന ബുദ്ധിയും മനസ്സുമാണ് എനിക്കുള്ളത്. കുറച്ചു കഴിഞ്ഞാൽ സമയം കിട്ടുമെന്നു ഞാൻ ആശിക്കുന്നു. അടുത്തകാലത്തു കേരളത്തിൽ നിന്ന്, ഒരു ('കൊള്ളരുതാത്ത' എന്നു തന്നെ പറയട്ടെ) അച്ചൻ പറഞ്ഞുവിട്ട കുറെ യുവതികളെ ഞാൻ കണ്ടു; പരിചയപ്പെട്ടു. ആശയങ്ങൾ നന്നായി കൈമാറാൻ അവസരം കിട്ടിയില്ല. കിട്ടാനായി ശ്രമിക്കും.

ദൈവാനുഗ്രഹത്താൽ ഈ കുട്ടികളെ ഇങ്ങോട്ടു പറഞ്ഞയച്ച 'അച്ചനെ' ഞാനറിയുകയില്ല. കുട്ടികളിൽനിന്നും, ഇവിടത്തെ സഭകളിൽനിന്നും ഒരുപോലെ പണം പോക്കറ്റിലാക്കി, കുട്ടികളെ 'വിൽക്കുകയാണ്' (എന്നു തന്നെ പറയട്ടെ) അദ്ദേഹത്തിന്റെ തൊഴിൽ. ഇങ്ങനെ ഇവിടെ വരുന്ന കുട്ടികൾ ഏകദേശം ആയിരത്തിൽ കവിയുമെന്നു തോന്നുന്നു. അവരെക്കുറിച്ചു കൂടുതൽ പഠിക്കാൻ ഞാൻ ശ്രമിക്കുന്നു... അങ്ങയെ ഞാൻ നിരന്തരം അനുസ്മരിച്ചു പ്രാർത്ഥിക്കുന്നു." (എന്റെ കുതിപ്പും കിതപ്പും പേജ് 225)

## വേട്ടയാടുന്നവരും ഇരകളാക്കപ്പെട്ടവരും

**വാ**ണിജ്യ തത്പരരായ മലയാള വൈദികർ നടത്തുന്ന കൂട്ടിക്കൊടുപ്പിനെക്കുറിച്ച് പ്രസ്തുത കന്യാസ്ത്രീ തന്റെ കത്തുകളിൽ തുടർന്നു:

"ഞങ്ങളെ യൂറോപ്പിലേക്കു വിട്ടതിനേക്കാൾ ഭേദം ഞങ്ങളെ വിട്ട അച്ചന്മാരും പിതാക്കന്മാരും ഒരുപിടി കയറുകൊണ്ട് "ഞങ്ങളെ കെട്ടിത്തൂക്കിയിട്ട്" കൊല്ലുകയായിരുന്നു എന്ന് ഈ കുഞ്ഞുങ്ങൾ പറഞ്ഞുവരുന്നു. ആദ്ധ്യാത്മികമായി യാതൊരറിവും ഇവർക്കിവിടെ കൊടുക്കുന്നില്ല.

ഇവിടുത്തെ യൂറോപ്യൻ ബിഷപ്പുമാർക്കും, മോൺസിഞ്ഞോർമാർക്കും വലിയ താല്പര്യമാണ് നമ്മുടെ നാട്ടിൽ നിന്നു പെൺപിള്ളേരെ കിട്ടാൻ. കാരണമെന്തെന്നോ? പറയാം. ദൈവവിളിയില്ലാഞ്ഞിട്ട് കുട്ടികളെ ഇവിടങ്ങളിൽ കിട്ടുവാനില്ല. ഉള്ള ചെറുപ്പക്കാരായ സിസ്റ്റേഴ്സ്, കൗൺസിലിന്റെ പേരിലല്ല, അല്ലാതെതന്നെ, ജോലി കൊണ്ടു തളർന്നും, വേണ്ടാത്തവിധത്തിൽ അധികപങ്കും പിഴച്ചും ഇറങ്ങിപ്പോന്നു. അങ്ങനെ മഠങ്ങളുടെ വക ആശുപത്രികളും (ഭ്രാന്താശുപത്രികളും, മറ്റ് ആശുപത്രികളും) ഹോട്ടലുകളും നിന്നുപോകുന്നു. ഇവർക്ക് ഇത്രയേ ആഗ്രഹമുള്ളൂ– ആശുപത്രികളിലും ഹോട്ടലുകളിലും കൂലികൊടുക്കാതെ, ജീവിതകാലം മുഴുവൻ അവരുടെ ഇഷ്ടത്തിനൊത്തു പണിയെടുക്കുന്നവരെ, വേലക്കാരിപ്പിള്ളേരെ വേണം.

വേലക്കാരെ ഈ നാട്ടിൽനിന്നും നിയമിച്ചാൽ അക്രമകൂലി കൊടുക്കണം. അങ്ങനെ ഭാവിയിൽ അവർ തെണ്ടികളായിത്തീരും. അതുകൊണ്ടുള്ള ഒരുപായമാണ് കേരളത്തിൽനിന്നു കുട്ടികളെ ഇറക്കുമതി ചെയ്യുകയെന്നത്. ദൈവവിളി ഉണ്ടെങ്കിലും ഇല്ലെങ്കിലും കന്യാസ്ത്രീകളുടെ ഉടുപ്പിടുവിക്കും ഇവർ. വ്രതവും ചെയ്യിക്കും. ദൈവികമായ യാതൊന്നും പഠിപ്പിക്കില്ല. മിണ്ടുന്നതെല്ലാം ചെയ്യണമെന്ന് അനുസരണവ്രതത്തിലും, എന്തുജോലിയും ചെയ്തു കൂലിവാങ്ങാതെ കൈയും കെട്ടി നടക്കണമെന്നു ദാരിദ്ര്യവ്രതത്തിലും ഇവരെ പഠിപ്പിക്കും.

അങ്ങനെ കൂലി കൊടുക്കാതെ ഇവർക്കു തോന്നുന്നതും, ഇവർ സ്വയം ചെയ്യാൻ അറയ്ക്കുന്നതുമായ ജോലി ചെയ്യാൻ വേണ്ടിയാണ് കേരളത്തിൽനിന്നു മൂവായിരവും നാലായിരവും ആറായിരവും മറ്റും രൂപകൊടുത്ത് കുട്ടികളെ ഇവർ വാങ്ങുന്നത്. അവരെക്കൊണ്ട് ഒരു വർഷം ജോലിയെടുപ്പിച്ചാൽ നേടാനുള്ള തുകയൊ ഉള്ളോ ഇത്? ഇവിടത്തെ തൂപ്പുകാർക്ക് കുറഞ്ഞത് മാസം എണ്ണൂറു രൂപയുണ്ട്. കുട്ടികളെ മറ്റു യാതൊന്നും പഠിപ്പിക്കുകയില്ല. ഭാഷപോലും നന്നായി പഠിപ്പിക്കില്ല. രാവിലെ മുതൽ വൈകിട്ടുവരെയും ഉടുപ്പിട്ടു കഴിഞ്ഞാൽ വെള്ളക്കാരന്മാരുടെയും മറ്റുള്ളവരുടെയും കക്കൂസ് കഴുകലും വസ്ത്രം തിരുമ്മിക്കൊടുക്കലും മുറി തുടയ്ക്കലുമാണ്.

മറ്റുള്ളവർ ഇട്ടു പഴകിയ സാധനങ്ങൾ ദാരിദ്ര്യാരൂപി പഠിപ്പിച്ച് ഇവർക്കുപയോഗിക്കാൻ കൊടുത്തുവരുന്നു (ഷൂസ്, വസ്ത്രങ്ങൾ മുതലായവ). പ്രാർത്ഥനക്കുറവുമൂലം ജോലി തന്നെയാണ് പ്രാർത്ഥന എന്നു പറയും, ഇവിടെയുള്ള മറ്റ് ഇന്ത്യക്കാരികളുമായി ബന്ധം അനുവദിക്കുകയില്ല. കാരണം, ഭയമാണ്. ഇവർ കൂടിയാലോചിച്ചെങ്ങാനും മഠം വിട്ടു നാട്ടിനു പോയാലോ എന്ന്. നമ്മുടെ ഇവിടെയുള്ള നാട്ടുകാരച്ചന്മാരുമായി സംസാരിക്കാനും അനുവദിക്കില്ല. മിക്ക സഭകളിലും ചേർന്നിട്ടുള്ള കുട്ടികളുടെ സ്ഥിതി ഇതാണ്. ഇപ്പോൾ ഏകദേശം മൂവായിരത്തിലധികം കുട്ടികൾ കന്യാസ്ത്രീകളായും നോവെസ്യെയിറ്റായും ഇറ്റലിയിൽത്തന്നെയുണ്ട്. എല്ലാവരും തന്നെ മനസ്സുനൊന്തു കഴിയുന്നു. എല്ലാം തീരെ അബ്നോർമലാണ്. ചിലരെല്ലാം ഭ്രാന്തുപിടിച്ചും കിടപ്പുണ്ട്. തീരെ ജോലിയെടുപ്പിക്കാൻ ഭ്രാന്തായിട്ടു നിവൃത്തിയില്ലാത്ത രണ്ടുമൂന്നു കുട്ടികളെ നാട്ടിലേക്കു വിട്ടിട്ടുണ്ട്. ഒരുകുട്ടി തൊടുപുഴയിൽ ഇപ്പോൾ ചെന്നെത്തിയിട്ടുണ്ടെന്ന് അറിവുകിട്ടി.

അങ്ങു വലിയ ഒരുപകാരമായിരിക്കും നാട്ടിനു ചെയ്യുക, ഈ വഴിപിഴച്ച ജീവിതത്തിലേക്കു നല്ല കുട്ടികൾ വരാതെ അവരെ തടയുമെങ്കിൽ. ഞാൻ ഈ പറഞ്ഞതെല്ലാം വെറും പരമാർത്ഥം മാത്രമാണ്. നമ്മുടെ രക്തം ഇവിടെ ചവിട്ടപ്പെടുന്നതു കണ്ട് സഹിക്കാഞ്ഞിട്ട് എഴുതുകയാണ്. അങ്ങു പോകുന്നിടത്തെല്ലാം ഇവിടെ നടന്നുകൊണ്ടിരിക്കുന്ന ഈ കാര്യങ്ങൾ അറിയിക്കുക." (പേജ് 229)

ഫാദർ വടക്കനു ലഭിച്ചതും 'തൊഴിലാളി'യിൽ പ്രസിദ്ധീകരിച്ചതും കൂടാതെ അദ്ദേഹം തന്റെ പാശ്ചാത്യപര്യടനവേളയിൽ സ്വയം കണ്ടറിഞ്ഞതുമായ അനുഭവങ്ങളും ആത്മകഥാഗ്രന്ഥത്തിൽ ഫാദർ വടക്കൻ ആഖ്യാനം ചെയ്യുന്നുണ്ട്. പശ്ചിമജർമ്മൻ ഗവൺമെന്റ് ഫാദർ വടക്കനു അനുവദിച്ച ഫ്രൈബർഗ് പട്ടണ സന്ദർശനവും അവിടെയുള്ള ഒരു കന്യാസ്ത്രീമഠം അദ്ദേഹം സന്ദർശിച്ചതിന്റെ അനുഭവവും തികഞ്ഞ ഹൃദയവേദനയോടെ മാത്രമെ വായിക്കാനാകൂ. ചില മലയാളി കന്യാസ്ത്രീകൾ ആ മഠത്തിൽ അന്തേവാസികളായി ഉണ്ടെന്നറിഞ്ഞ് അവരെ സന്ദർശിക്കുക എന്ന ഉദ്ദേശത്തോടെയാണ് വടക്കനച്ചൻ അങ്ങോട്ടുപോയത്. അവിടുത്തെ കാഴ്ച ഫാദർ വടക്കൻ ആത്മകഥയിൽ വിവരിക്കുന്നു: "1971-ൽ പത്തുകൊല്ലങ്ങൾക്കുശേഷം– ഇത്തരം ചില കത്തുകൾ ധൈര്യസമേതം 'തൊഴിലാളി'യിൽ പ്രസിദ്ധീകരിക്കാൻ എനിക്കു പ്രേരണ തന്നത് 1961-ലെ എന്റെ വിദേശപര്യടനത്തിൽ നിന്ന് ലഭിച്ച അനുഭവവും അതിനെത്തുടർന്ന് എനിക്കു കിട്ടിയിരുന്ന നാനാതരം റിപ്പോർട്ടുകളുമായിരുന്നു." (പേജ് 232) ■

ണ്ടുതന്നെ സാമാന്യവിശ്വാസികൾ ഇവർക്ക് പുരോഹിത സമാനമായ ആദരവും ബഹുമാനവും ഒക്കെ നൽകിപ്പോരുന്നു.

## ക്രൈസ്തവ സന്ന്യാസവും ബൈബിൾ പാരമ്പര്യങ്ങളും

**ചെ**റിയ കുട്ടികളുടെ പരിചരണം, വിദ്യാലയങ്ങളുടെ നടത്തിപ്പ്, ആതുരശുശ്രൂഷാരംഗങ്ങൾ തുടങ്ങിയ മേഖലകളിൽ പൊതുസമൂഹത്തിനു ക്രൈസ്തവ കന്യാസ്ത്രീകളിൽ നിന്നു ലഭിച്ചിട്ടുള്ളതും ലഭിക്കുന്നതുമായ സേവനങ്ങൾ തീർച്ചയായും പ്രശംസാർഹം തന്നെ. പക്ഷേ, കത്തോലിക്കാസഭയ്ക്കുള്ളിലെ നിശ്ശബ്ദരാക്കപ്പെട്ട, മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ട, ശ്രദ്ധയർഹിക്കുന്ന ഒരു വിഭാഗമാണിവർ എന്നതാണ് മൗലികമായ കാര്യം. സീനിയർ കന്യാസ്ത്രീകളിൽ നിന്നും ജൂനിയേഴ്സായ സിസ്റ്ററന്മാർക്കനുഭവിക്കേണ്ടിവരുന്ന മാനസിക പീഡനം, പുരുഷന്മാരായ വൈദികമേലാധികാരികളുടെ ഭാഗത്തുനിന്നുണ്ടാകുന്ന അനാശാസ്യ നീക്കങ്ങൾ ഇവയിൽ ചെറിയ ഒരംശമേ പുറംലോകം അറിയാറുള്ളൂ. അഭ്യസ്ഥവിദ്യരായ കന്യാസ്ത്രീകൾക്കുപോലും പുറംലോകവുമായി ഇടപെടാൻ അനുവാദമില്ല. തങ്ങളുടെ ചുറ്റുപാടും എന്തു സംഭവിക്കുന്നു എന്നവർ അറിയുന്നില്ല. വായിക്കുന്നതിനും എഴുതുന്നതിനും ഒക്കെ വിലക്കുകൾ.

കന്യാസ്ത്രീമഠങ്ങളുടെ അകത്തളങ്ങളിലേക്കു വെളിച്ചം വീശുന്ന ഒട്ടേറെ നോവലുകൾ ഇംഗ്ലീഷിലും മറ്റും ഉണ്ടായിട്ടുണ്ട്. മലയാളത്തിലും ചില നോവലുകൾ കന്യാസ്ത്രീകളെയും മഠങ്ങളെയും കേന്ദ്രീകരിച്ച് ഉണ്ടായിട്ടുണ്ട്. മുണ്ടശ്ശേരിയുടെ 'കൊന്തയിൽ നിന്നു കുരിശിലേക്ക്', പോഞ്ഞിക്കര റാഫിയുടെ 'സ്വർഗദൂതൻ', കാക്കനാടന്റെ 'ഏഴാംമുദ്ര', പൊൻകുന്നം വർക്കിയുടെ കഥകൾ, സക്കറിയയുടെ കഥകൾ, സാറാജോസഫിന്റെ 'ഒതപ്പ്'പോലുള്ള നോവലും മറ്റു ചില കഥകളും സി.വി. ബാലകൃഷ്ണന്റെ 'ആയുസ്സിന്റെ പുസ്തക'വും മറ്റു നോവലെറ്റുകളും കഥകളും ഒക്കെ മലയാള സാഹിത്യത്തിൽ കന്യാസ്ത്രീകളുടെ ജീവിതം വിഷയമാക്കി രചിക്കപ്പെട്ടിട്ടുള്ളതാണ്.



ഒരിക്കൽ സന്ന്യാസവ്രതം സ്വീകരിച്ചവർക്ക് എപ്പോൾ വേണമെങ്കിലും ലോകജീവിതത്തിലേക്കു മടങ്ങിപ്പോകാം എന്നു പറയുന്നത് അന്തസ്സാരശൂന്യമായ വാദഗതിയാണ്. ഇങ്ങനെ വരുന്നവരുടെ പുനരധിവാസം അത്രയൊന്നും എളുപ്പമല്ല. പുരുഷന്മാർക്ക് എങ്ങനെയും പിടിച്ചു നിൽക്കാൻ പറ്റും. മഠം ചാടിയവർ എന്ന ആക്ഷേപപ്പേരും പേറി സ്ത്രീകൾക്ക് നിലനിൽക്കണമെങ്കിൽ മറ്റേതെങ്കിലും ഒരു പുരുഷനു കൂടുതൽ വിധേയപ്പെട്ടുകൊണ്ടേ സാധ്യമാകൂ. വറചട്ടിയിൽ നിന്നും എരിതീയിലേക്കെന്ന തരത്തിലുള്ള ഇത്തരം ഒരു പതനത്തെ അധികം ആരും ഇഷ്ടപ്പെടാനിടയില്ല. ഇവർക്കവകാശപ്പെട്ട സ്വത്തുകൾ പുറത്തുപോകുമ്പോൾ തിരികെ കിട്ടുമെന്നോ ഇവർ തങ്ങളുടെ സന്ന്യാസ സമൂഹത്തിൽ ചെലവഴിച്ച വർഷങ്ങളുടെയും ചെയ്ത ജോലികളുടെയും അടിസ്ഥാനത്തിൽ ജീവനാംശം കിട്ടുമെന്നോ വന്നാൽ ക്രൈസ്തവ സന്ന്യാസാശ്രമങ്ങളിൽ നിന്നു പുറത്തേക്കുള്ള ഒഴുക്ക് വളരെ കൂടുതലാകും. സ്വയം പുറത്തുപോകുന്നവർക്കു മാത്രമല്ല നടപടികളെടുത്തു പുറത്താക്കപ്പെടുന്നവർക്കും അവരർഹിക്കുന്ന ജീവനാംശം ധനാഢ്യരായ ആശ്രമമേധാവികൾ നൽകാറില്ല.

പുരുഷ സന്ന്യാസികളിലധികം പേരും ഇടവകപട്ടക്കാരും സ്വന്തം യോഗ്യതകൾക്കനുസരിച്ച് സ്വന്തമായി ജോലി ചെയ്തു വരുമാനം ഉണ്ടാക്കാൻ കഴിയുന്നവരും ആണ്. എന്നാൽ, കന്യാസ്ത്രീകളുടെ കാര്യം തീർത്തും വ്യത്യസ്തമാണ്. അവരെത്ര തന്നെ പഠിപ്പുള്ളവരായാലും എത്ര വലിയ ശമ്പളം കൈപ്പറ്റി ജോലി ചെയ്യുന്നവരായിരുന്നാലും അവരുൾപ്പെട്ട ആശ്രമമേധാവികൾ വശം കൈപ്പറ്റുന്ന മുഴുവൻ പണവും ഏല്പിക്കണം എന്നാണ് നിയമം. യു.ജി.സി നിരക്കിൽ ശമ്പളം പറ്റുന്ന ഇരുപത്തഞ്ച് വർഷം സഭാവക കോളേജിൽ ജോലി ചെയ്തു സർവീസിൽ നിന്നു വിരമിച്ച ഒരു സിസ്റ്റർ ഈ ലേഖകനോടു പറഞ്ഞത് തനിക്കെത്ര ശമ്പളം ഉണ്ടെന്നോ, എത്ര പെൻഷൻ കിട്ടുമെന്നോ, ഉള്ള കാര്യങ്ങളൊന്നും തനിക്കറിഞ്ഞുകൂടെന്നാണ്. മറ്റാരോ കാണിച്ചു കൊടുക്കുന്ന സ്ഥലങ്ങളിൽ റവന്യൂസ്റ്റാമ്പ് പതിപ്പിച്ച് ഒപ്പിട്ടുകൊടുക്കുന്നു. അവിടെ രേഖപ്പെടുത്തിയത് അവർ അംഗമായ കോൺഗ്രിഗേഷന്റെ ബാങ്ക് അക്കൗണ്ടിലേക്കു മാറ്റപ്പെടുന്നു.

എസ്റ്റേറ്റുകൾ, കൃഷിയിടങ്ങൾ, സ്കൂളുകൾ, കോളേജുകൾ, കൊമേഴ്ഷ്യൽ കോംപ്ലക്സുകൾ, ബാങ്കുകളിലെ സ്ഥിര നിക്ഷേപങ്ങൾ തുടങ്ങി വൻമൂലധനത്തിന്റെ ഉടമസ്ഥരാണ് മിക്ക ആശ്രമങ്ങളും. പ്രതിഫലമില്ലാതെ അദ്ധ്വാനിക്കുന്ന കന്യാസ്ത്രീകളുടെ വിയർപ്പിലാണ് ഈ മഹാസൗധങ്ങളെല്ലാം കെട്ടിപ്പൊക്കിയത്. ■